# സ്വഫാ നഗറിലേക്ക് സ്വാഗതം

## സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി

# കേരള വനിതാ സമ്മേളനം

2010 ജനുവരി 24
സ്വഫാ നഗർ
കുറ്റിപ്പുറം

**ജമാഅത്തെ ഇസ്‌ലാമി**

## സ്വഫാ നഗറിലേക്ക് സ്വാഗതം

**ഖു**ർആൻ അതിരൂക്ഷമായി ആക്ഷേപിച്ച അക്രമിയായ ഭരണാധികാരിയാണല്ലോ ഫിർഔൻ. അയാൾക്കെതിരെ നിലയുറപ്പിച്ച ധീരരായ വിപ്ലവകാരികളിൽ ഏറെ ശ്രദ്ധേയയാണ് ആസിയ ബീവി. ഫിർഔന്റെ ഭാര്യയായിരുന്നിട്ടും അവർ അദ്ദേഹത്തിനെതിരെ പ്രവാചകനായ മൂസാ നബി(അ)യെ പിന്തുണച്ചു. വിശുദ്ധ ഖുർആൻ അവരെ മുഴുവൻ വിശ്വാസികൾക്കുമുള്ള ഉത്തമമാതൃകയായാണ് പരിചയപ്പെടുത്തുന്നത്.

സുലൈമാൻ നബി(അ)യുടെ കാലത്തെ യമനിലെ ബിൽഖീസ് രാജ്ഞിയെ വളരെ വിവേകവും പക്വതയുമുള്ള ഭരണാധികാരിയായാണ് ഖുർആൻ അവതരിപ്പിച്ചത്. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ അവസാനത്തെ പ്രവാചകനായി നിയോഗിതനായപ്പോൾ അദ്ദേഹത്തിൽ ആദ്യം വിശ്വസിച്ച് ഇസ്‌ലാം സ്വീകരിച്ചത് ഖദീജ ബീവിയാണ്. അവർ മരണം വരെ നബി തിരുമേനിക്ക് താങ്ങും തണലുമായി നിലകൊണ്ടു. ഇസ്‌ലാമിലെ ആദ്യത്തെ രക്തസാക്ഷി സുമയ്യ (റ) എന്ന ധീര വനിതയാണ്. പ്രവാചക ചര്യയുടെ പ്രധാന അവലംബങ്ങളിലൊന്ന് ഹസ്രത്ത് ആയിശ (റ)യാണ്. അവർ രണ്ടായിരത്തിലേറെ ഹദീസുകൾ നിവേദനം ചെയ്തു. അഥവാ ധാരാളം പുരുഷന്മാരെ പ്രവാചകചര്യ പഠിപ്പിച്ചു. എഴുന്നൂറിലേറെ സ്വഹാബി വനിതകൾ ഹദീസ് നിവേദനം ചെയ്യുക വഴി പുരുഷന്മാരുടെ അധ്യാപികമാരായി മാറുകയായിരുന്നു.

ഉഹ്ദ് യുദ്ധത്തിൽ നബി തിരുമേനി (സ) യെ ശത്രുക്കൾ ആക്രമിച്ചപ്പോൾ പല പുരുഷന്മാരും ഓടിപ്പോയെങ്കിലും ഉമ്മു അമ്മാറയെപ്പോലെയുള്ള വീര വനിതകൾ ധീരമായി പൊരുതി. അതേ യുദ്ധത്തിലും ഖൈബർ യുദ്ധത്തിലുമെല്ലാം സ്ത്രീകൾ പരിക്കു പറ്റിയവരെ ശുശ്രൂഷിക്കുന്നതിലും സേവിക്കുന്നതിലും മുഴുകുകയുണ്ടായി. ഖൈബർ യുദ്ധത്തിൽ രക്തസാക്ഷികളെ മറവു ചെയ്യാൻ ഖബർ കുഴിച്ചിരുന്നതു പോലും സ്ത്രീകളാണ്. യർമൂക് യുദ്ധത്തിൽ അവർ വാളെടുത്ത് യുദ്ധം ചെയ്തതായും ചരിത്രം രേഖപ്പെടുത്തുന്നു. ഉമറുൽ ഫാറൂഖിന്റെ ഭരണ കാലത്ത് അങ്ങാടികളുടെ പരിശോധന നിർവ്വഹിച്ചിരുന്നത് ശിഫാ എന്ന സ്ത്രീയാണ്. ഇങ്ങനെ സമൂഹത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നതിൽ പ്രവാചകന്റെയും ഖുലഫാഉർറാശിദുകളുടെയും കാലത്തെ സ്വഹാബി വനിതകൾ സ്തുത്യർഹമായ പങ്കു വഹിച്ചിരുന്നതായി കാണാം.

ഇസ്‌ലാമിന്റെ പ്രതിനിധാനവും പ്രബോധനവും പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളുടെയും ബാധ്യതയാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു: "സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാർ പരസ്പരം സഹായികളാണ്. അവർ നന്മ കൽപ്പിക്കുന്നു. തിന്മ തടയുന്നു. നമസ്കാരം നിഷ്ഠയോടെ നിർവ്വഹിക്കുന്നു. സകാത്ത് നൽകുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നു. സംശയമില്ല; അല്ലാഹു അവരോട് കരുണ കാണിക്കും. അല്ലാഹു പ്രതാപിയും യുക്തിമാനും തന്നെ; തീർച്ച." (അത്തൗബ: 71)

അതുകൊണ്ടു തന്നെ ജമാഅത്തെ ഇസ്‌ലാമി അതിന്റെ ആരംഭം തൊട്ടു തന്നെ സ്ത്രീകളെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി. അതുവഴി അവരെ ഇസ്‌ലാമികമായി വളർത്തി, ഉയർത്തിക്കൊണ്ടു വന്നു. കേരളത്തിലെ മുസ്‌ലിം വനിതാ മുന്നേറ്റത്തിൽ മഹത്തായ പങ്കുവഹിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിക്കുകയും ചെയ്തു.

അറുപത് കൊല്ലം മുമ്പ് കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം പ്രവർത്തനമാരംഭിക്കുമ്പോൾ മുസ്‌ലിം സ്ത്രീകളിൽ മഹാ ഭൂരിപക്ഷത്തിനും എഴുതാനും വായിക്കാനും കഴിയുമായിരുന്നില്ല. ഖുർആന്റെ അർത്ഥം അറിയുമായിരുന്നില്ലെന്ന് മാത്രമല്ല; ഏറെ പേർക്കും അത് പാരായണം ചെയ്യാൻ പോലും സാധിച്ചിരുന്നില്ല. മത ഗ്രന്ഥങ്ങൾ ഏതാനും ഖിസ്സപ്പാട്ടുകൾ മാത്രമായിരുന്നു. മതാനുഷ്ഠാനം അവയുടെ പാരായണവും. നമസ്കാരം പോലും നിർവ്വഹിക്കാൻ അറിയാത്തവർ നിരവധിയായിരുന്നു. വസ്ത്രധാരണത്തിൽ ഉൾപ്പെടെ ഇസ്‌ലാമിക സംസ്കാരത്തിന്റെ അടയാളങ്ങൾ നാമ മാത്രമായിരുന്നു. കടുത്ത അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് മുസ്‌ലിം സ്ത്രീകളെ അടക്കിഭരിച്ചിരുന്നത്. അടുക്കളയുടെ ഇരുണ്ട മുറികളിൽ നിന്ന് പുറത്ത് കടക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. രോഗമായാൽ പോലും ശാസ്ത്രീയമായ ചികിത്സ ലഭിച്ചിരുന്നില്ല. ഇങ്ങനെ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും മുസ്‌ലിം സ്ത്രീകൾ ഏറെ പിന്നാക്ക മായിരുന്നു. അവർ മനുഷ്യരായി പരിഗണിക്കപ്പെടുകയോ പ്രാഥമിക മനുഷ്യാവകാശങ്ങൾ അനുഭവിക്കുകയോ ചെയ്തിരുന്നില്ല.

ഇത്തരമൊരവസ്ഥയിൽ നിന്നാണ് ജമാഅത്തെ ഇസ്‌ലാമിയും മറ്റു മുസ്‌ലിം പരിഷ്കരണ പ്രസ്ഥാനങ്ങളും സ്ത്രീകളെ കൈപിടിച്ചുയർത്തിയത്. അവർക്ക് പുരുഷന്മാരെ

പോലെ തന്നെ മതപരവും ഭൗതികവുമായ വിദ്യാഭ്യാസം നേടാനുള്ള അവകാശം നേടിക്കൊടുത്തു. മദ്രസകൾ സ്ഥാപിച്ച് ആൺകുട്ടികൾക്കെന്ന പോലെ പെൺകുട്ടികൾക്കും മത വിദ്യാഭ്യാസം നൽകി. അവരുടെ ഉന്നത മത പഠനത്തിനായി കേരളത്തിലെ ആദ്യത്തെ വനിതാ വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കിയത് ജമാഅത്തെ ഇസ്‌ലാമിയാണ്. ഖുർആൻ ക്ലാസുകളിലൂടെയും സ്റ്റഡീക്ലാസുകളിലൂടെയും പൊതുയോഗങ്ങളിലൂടെയും സ്ത്രീകൾക്ക് ഇസ്‌ലാമികമായ അറിവ് പകർന്നു കൊടുത്തു. ജുമുഅഃ ഖുതുബ കേൾക്കാൻ അവസരം നൽകിയും വായിക്കാൻ പുസ്തകങ്ങൾ കൊടുത്തും അവരെ ബോധവൽക്കരിച്ചു. അങ്ങനെ സാഹചര്യം അനുകൂലമായതോടെ എഴുതാനും പ്രസംഗിക്കാനും മറ്റുമുള്ള അവരുടെ കഴിവുകൾ വളർന്നു വന്നു. അതോടെ കേരളത്തിലെ ആദ്യത്തെ ഇസ്‌ലാമിക വനിതാ മാസിക ആരംഭിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചു. ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ സ്ത്രീകളും ധാരാളമായി പങ്കാളികളായി. 1969 മുതൽ ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാന സമ്മേളനങ്ങളിൽ പോലും അവർ പ്രസംഗകരായി. പെൺകുട്ടികൾ ധാരാളമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താൻ തുടങ്ങിയതോടെ അവരെ ഇസ്‌ലാമികമായി വളർത്താനും അതിന്റെ സംസ്കാരം പൂർണ്ണമായി പാലിക്കുന്നവരാക്കാനും കേരളത്തിലെ ആദ്യത്തെ വിദ്യാർത്ഥിനി സംഘടനയായ ജി.ഐ.ഒ രൂപീകരിച്ചു പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെ നല്ലൊരു വിഭാഗം സ്ത്രീകൾ ഇസ്‌ലാമിനെ യഥാവിധി പ്രതിനിധീകരിക്കാൻ പ്രാപ്തരും സന്നദ്ധരുമായി. മലയാളത്തിലിന്നും പൂർണ്ണമായും സ്ത്രീകൾ മാത്രം നടത്തുന്ന വനിതാ മാസിക ആരാമം മാത്രമാണെന്നാണറിവ്. മുസ്‌ലിം വിദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളെക്കാൾ ഏറെ മുന്നിലാണ് പെൺകുട്ടികൾ. ഉന്നത വിദ്യാഭ്യാസ മേഖലകളിൽ വിശേഷിച്ചും. എഴുതാനും പ്രസംഗിക്കാനും മാത്രമല്ല, പത്ര പ്രവർത്തനം, സാങ്കേതിക വിദ്യ പോലുള്ളവയിലും വളരെ മുന്നോട്ട് പോകാൻ മുസ്‌ലിം വിദ്യാർത്ഥിനികൾക്കിന്ന് സാധിച്ചിട്ടുണ്ട്. പൊതു പ്രവർത്തനങ്ങളിലും സേവനരംഗങ്ങളിലും അവർ സജീവമായ പങ്കു വഹിക്കുന്നു.

ഇങ്ങനെയൊക്കെ ആണെങ്കിലും സ്ത്രീകളുമായി ബന്ധപ്പെട്ട് ഇനിയും ധാരാളം പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. പടിഞ്ഞാറൻ സംസ്കാരത്തിന്റെ കടന്നു കയറ്റത്തിൽ കുടുംബം തകർന്നു കൊണ്ടിരിക്കുന്നു. മാതാപിതാക്കൾ അവഗണിക്കപ്പെടുന്നു. കുട്ടികൾക്ക് കാരുണ്യവും വാത്സല്യവും ആവശ്യമായ പരിരക്ഷണവും ശിക്ഷണവും കിട്ടാതെ പോവുന്നു. ദാമ്പത്യം ഏറെ ദുർബലമാവുന്നു. വൈവാഹിക രംഗത്ത് ഒട്ടേറെ അനാചാരങ്ങളും അപകടകരമായ പ്രവണതകളും ഇന്നും നിലനിൽക്കുന്നു. വീടുകൾക്കകത്തും പുറത്തും ധൂർത്തും ദുർവ്യയവും കൂടിക്കൊണ്ടേയിരിക്കുന്നു. ടെലിവിഷനും ഇന്റർനെറ്റും ലജ്ജാബോധം കെടുത്തുന്നു. മൊബൈൽ ഫോണുകളും ഇന്റർനെറ്റ് കഫേകളും തെറ്റായ ആൺ പെൺ ബന്ധത്തിനും സദാചാര തകർച്ചക്കും വഴിയൊരുക്കുന്നു. വിദ്യാലയങ്ങളിലെ വിനോദ- പഠനയാത്രകളും കലോത്സവങ്ങളും കുത്തഴിഞ്ഞ ജീവിതത്തിന് കാരണമായിത്തീരുന്നു. അതോടൊപ്പം അന്യായമായ വിവാഹ മോചനങ്ങളും അനുചിതമായ ബഹുഭാര്യത്വവും ഇപ്പോഴും മുസ്‌ലിം സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നു. സ്ത്രീധനവും അനിയന്ത്രിതമായ ആഭരണ ഭ്രമവും സ്ത്രീ ജന്മത്തെ വെറുക്കപ്പെട്ടതും പേടിപ്പെടുത്തുന്നതുമാക്കുന്നു. അതിനാൽ ഗർഭപാത്രത്തിൽ വെച്ചു തന്നെ പെൺകുഞ്ഞുങ്ങൾ ക്രൂരമായി കൊലചെയ്യപ്പെടുന്നു. ബാലികമാരുൾപ്പെടെ എല്ലാ പ്രായത്തിൽ പെട്ടവരും ബലാൽസംഗത്തിനിരയാവുന്നതും വഴിതെറ്റിക്കപ്പെടുന്നതും ചൂഷണം ചെയ്യപ്പെടുന്നതും രക്ഷിതാക്കളുടെ ഉറക്കം കെടുത്തുന്നു.

ഈ ദുരവസ്ഥക്ക് പൂർണ്ണമായും മാറ്റം വരണം. കുടുംബത്തിന് സമൂഹത്തിന്റെ കേന്ദ്രസ്ഥാപനമെന്ന സ്ഥാനം ലഭ്യമാവണം. മാതൃത്വം മാന്യവും ആദരണീയവുമാകണം. മറിയം ബീവി മുഴുവൻ വിശ്വാസികൾക്കും മാതൃകയായത് അവർ ഈസാനബി (അ)യെ ഗർഭം ചുമന്ന് പ്രസവിച്ച് മാന്യമായി പോറ്റി വളർത്തിയതിനാലാണല്ലോ. ഹാജറാ ബീവി ലോകത്തിലെ ഏറ്റവും കൂടുതൽ അനുകരിക്കപ്പെടുകയും പിന്തുടരപ്പെടുകയും ചെയ്യുന്ന പെണ്ണായത് ഭർത്താവിന്റെ അസാന്നിധ്യത്തിൽ ഇസ്മാഈലി(അ)നെ മാതൃകായോഗ്യനായ മകനാക്കി വളർത്തിയത് കൊണ്ട് കൂടിയാണ്. അതിനാൽ സ്ത്രീക്ക് കുടുംബ നായികയും തലമുറകളുടെ നിർമാതാവുമെന്ന നിലയിൽ തന്റെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കണം. കുടുംബത്തിൽ മാന്യവും ആദരണീയവുമായ സ്ഥാനം ലഭിക്കണം. സമൂഹത്തോടുള്ള ബാധ്യത നിർവ്വഹിക്കാൻ പൊതു രംഗത്ത് ഫലപ്രദമായി ഇടപെടാൻ അവസരം ഉണ്ടാവണം. ഇസ്‌ലാമിനെ വ്യക്തി ജീവിതത്തിലും കുടുംബത്തിലും രാജ്യത്തും യഥാവിധി പ്രതിനിധീകരിക്കാനാവശ്യമായ അറിവും യോഗ്യതയും സന്നദ്ധതയും അവസരവുമുണ്ടാവണം. അങ്ങനെ ഇസ്‌ലാം സ്ത്രീക്ക് അനുവദിച്ച എല്ലാ പദവിയും അവകാശങ്ങളും അനുഭവിക്കാൻ അവൾക്ക് അവസരം ഉണ്ടാവണം. അതോടൊപ്പം ബാധ്യതകൾ നിർവ്വഹിക്കാൻ അവളെ കാലോചിതമായി പ്രാപ്തയാക്കുകയും വേണം.

മുസ്‌ലിം സ്ത്രീകളെ അവരുടെ പരിതാപകരമായ പിന്നാക്കാവസ്ഥയിൽ നിന്ന് ഏറെ മുന്നോട്ട് നയിച്ച ജമാഅത്തെ ഇസ്‌ലാമി ഈ ഉത്തരവാദിത്വങ്ങൾ കൂടി പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ്. സമൂഹത്തിലെ സ്ത്രീ വിഭാഗത്തെ ധാരാളമായി ബോധവൽക്കരിച്ചും പങ്കാളികളാക്കിയും മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. സുന്നികളും മുജാഹിദുകളും ഉൾപ്പെടെ മുഴുവൻ മത സംഘടനകളുടെയും കൂട്ടായ പ്രവർത്തനം ഇതിനാവശ്യമാണ്.

ഭൂമിയിൽ വിശുദ്ധവും സമാധാനപൂർവ്വവും സുരക്ഷിതവും സംതൃപ്തവും മാന്യവും മഹത്വപൂർണ്ണവുമായ ജീവിതം നയിക്കാനും പരലോകത്ത് അല്ലാഹുവിന്റെ പ്രീതിക്കും അവന്റെ പ്രതിഫലമായ അനുഗ്രഹീതമായ സ്വർഗത്തിന് അവകാശികളാകാനുമാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ ജമാഅത്തെ ഇസ്‌ലാമി ഉദ്ദേശിക്കുന്നത്.

മുസ്‌ലിം വനിതാ മുന്നേറ്റത്തിൽ മഹത്തായ കാൽവെപ്പായിരിക്കും 2010 ജനുവരി 24ന് കുറ്റിപ്പുറത്ത് നടക്കുന്ന കേരള വനിതാ സമ്മേളനമെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിക്കാം. മുസ്‌ലിം സ്ത്രീകളെ ഇസ്‌ലാമികമായി വളർത്താനും ഉയർത്താനും സഹോദര സമുദായങ്ങളിലെ സ്ത്രീകൾക്ക് ഇസ്‌ലാമിന്റെ സന്ദേശവും സൗഹൃദവുമെത്തിക്കാനും അങ്ങനെ കേരള ചരിത്രത്തിലെ ഒരു മഹാ സംഭവമായി മാറാനും സാധ്യതയുള്ള സമ്മേളനം നിങ്ങളുടെയും നിങ്ങളുടെ പരിചിതരുടെയും പങ്കാളിത്തം കൊണ്ട് ധന്യവും അനുഗ്രഹീതവുമാവണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. പ്രതീക്ഷിക്കുന്നു. അഭ്യർത്ഥിക്കുന്നു. അല്ലാഹു നമ്മെ ഇരു ലോകത്തും അനുഗ്രഹിക്കട്ടെ.

❖ ❖ ❖

**ജമാഅത്തെ ഇസ്‌ലാമി**

പി.ബി. നമ്പർ: 833, ഹിറാസെന്റർ, മാവൂർ റോഡ്,
കോഴിക്കോട്- 673004, കേരള, ഇന്ത്യ
ഫോൺ: 0495 2721655, ഫാക്സ്: 0495 2724524
email: jihwomenkerala@gmail.com,
hiracentre@jihkerala.org , www.jihkerala.org